# കോവിഡാനന്തര ഉന്നത വിദ്യാഭ്യാസ കരട് നയ രേഖ

(കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചർച്ചക്കായി പ്രസിദ്ധീകരിക്കുന്നത്)

കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക വളർച്ചയും മൂലധന താല്പര്യങ്ങളും സംബന്ധിച്ചുള്ള അനവധി ആകുലതകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മുൻപ് ഒരിക്കലും അനുഭവപ്പെടാത്ത വിധത്തിലുള്ള ഈ ആരോഗ്യ പ്രതിസന്ധിയുടെ സാമൂഹികവും സാമ്പത്തികവുമായ ആഘാതങ്ങളെക്കുറിച്ചുള്ള ചിന്തകളാണ് ആഗോളതലത്തിൽ നാം കാണുന്നത്. ഇത് ലോകത്തെ ഒരു പുതിയ സാമ്പത്തിക-സാങ്കേതിക സംസ്കാരത്തിലേക്ക് നയിക്കും എന്നാണ് വിദഗ്ധർ കരുതുന്നത്. ഇങ്ങനെ രൂപം കൊള്ളുന്ന ബദലിൽ നിന്നും ഉന്നത വിദ്യാഭ്യാസത്തിന് സ്വഭാവം, ഘടന, ബലതന്ത്രം എന്നിവയുടെ തലത്തിൽ സ്വതന്ത്രമായി നില്ക്കാനാകില്ല.

## മുൻകാല ചരിത്രം

മഹാമാരികൾ സൃഷ്ടിക്കുന്ന മാനവവിഭവശേഷിനഷ്ടം എല്ലായിപ്പോഴും നിലവിലുള്ള സാമ്പത്തിക ബന്ധങ്ങളിലെ വൈരുദ്ധ്യങ്ങളെ തീവ്രമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖല ഇതിന് ഒരു അപവാദമല്ല. പതിനാല് മുതൽ പതിനേഴാം നൂറ്റാണ്ടുവരെ യൂറോപ്പിലുണ്ടായിട്ടുള്ള വിവിധതരം പ്ളേഗ് മൂലം തകർന്ന കർഷകരും തുടർന്ന് ഫ്യൂഡൽ സംമ്പ്രദായത്തിന്റെ തകർച്ചയിൽ നിന്ന് രൂപം കൊണ്ട മുതലാളിത്തവും ഇതിന് നല്ല ഉദാഹരണമാണ്. നവോത്ഥാനം, ഭൂമിശാസ്ത്രപരമായ കണ്ടെത്തലുകൾ, നവീകരണം, വ്യവസായ വിപ്ളവം എന്നീ ഘടകങ്ങളും ഈ മാറ്റത്തെ സ്വാധീനിച്ച മറ്റ് സുപ്രധാന ഘടകങ്ങളാണ്. സർവ്വകലാശാലകളും കോളേജുകളും സമൂലമായി മാറ്റത്തിന് വിധേയമാകുകയും ഉണ്ടായി. ഇതുവഴി വിമർശനാത്മക ചിന്തകളും നൂതന ജ്ഞാന മേഖലകളും ഉരുത്തിരിഞ്ഞതും ഈ കാലഘട്ടത്തിലാണ്. ഐസക് ന്യൂട്ടന്റെ ഐതിഹാസികമായ സിദ്ധാന്തം ഉദാഹരണമായി പറയാം.

മുതലാളിത്തം പത്തൊൻപതാം നൂറ്റാണ്ടിലെ വസൂരി സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്തത് വൈദ്യ വിദ്യാഭ്യാസവും വൈദ്യരംഗത്തെ നൂതനാവിഷ്കാരവും ഔഷധ വ്യവസായ പുരോഗതിയും വഴിയാണ്. നാലു വർഷം നീണ്ടു നിന്ന ഒന്നാം ലോക മഹായുദ്ധത്തിൽ മരിച്ചവരുടെ എണ്ണത്തിലും അധികമായിരുന്നു, 50 മില്യൺ ആൾക്കാരുടെ ജീവൻ അപഹരിച്ച 1918-19 ലെ സ്പാനിഷ് ഇൻഫ്ളുവൻസയുടെ പ്രഹരശേഷി. യുദ്ധാനന്തരം പ്രതിസന്ധിയിലായ സമ്പദ്ഘടന ഉന്നത വിദ്യാഭ്യാസത്തേയും ഒരു പതിറ്റാണ്ടോളം നിശ്ചലമാക്കി. ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിലെ മഹാമാന്ദ്യം, രണ്ടാം ലോക മഹായുദ്ധം, മീസൽസ്, എബോള, സാർസ്, മെർസ് എന്നിവ സൃഷ്ടിച്ച പ്രതിസന്ധി ഘട്ടങ്ങളിലും സയൻസും സാങ്കേതിക വിദ്യയും വികസിച്ചത് പഠന-ഗവേഷണ രംഗത്തുണ്ടായ വമ്പിച്ച മുന്നേറ്റത്തിന്റെ ഫലമായാണ്.

## കോവിഡിന്റെ അനന്തര ഫലങ്ങൾ

കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധിയിൽ നിന്ന് പരമ്പരാഗത മുതലാളിത്ത സമ്പ്രദായത്തിന് കരകയറാൻ കഴിയില്ലെന്നാണ് വിമർശനാത്മക സാമ്പത്തിക ശാസ്ത്രജ്ഞർ കരുതുന്നത്. കേന്ദ്രീകൃതമായ ഭരണകൂടം അല്ലെങ്കിൽ അഗോളമുതലാളിത്തത്തെ തന്നെ മറികടക്കുന്ന പരിസ്ഥിതി നീതി, സാമൂഹിക സഹകരണം, പൊതുവിശ്വാസം ഇവയിൽ അടിസ്ഥാനമായ മറ്റൊരു ലോകക്രമത്തിന്റെ വരവിനെയാണ് മാനവീയവാദികൾ പ്രതീക്ഷിക്കുന്നത്. ജിവസന്ധാരണത്തിലും ക്രയവിക്രീയങ്ങളിലും കൃത്യമായ വർഗ്ഗ വിഭജനമില്ലാത്തതും എന്നാൽ വിവിധ തലങ്ങളിൽ തുല്യനീതി പുലർത്തുന്നതുമായ ഒരു മുതലാളിത്താനന്തര സമൂഹം രൂപപ്പെടുമെന്ന് ഇവരിൽ ചിലർ പ്രതീക്ഷിക്കുന്നു.

മഹാമാരിയുടെയും ജീവനു തന്നെ ഭീഷണി ഉയർത്തുന്ന വൈറസിന്റെയും നടുവിലും ആഗോള മുതലാളിത്തം അതിന്റെ വിപണി വ്യാപിപ്പിക്കാനുള്ള ശ്രമം തുടർന്നുകൊണ്ടേ ഇരിക്കും. എന്നാൽ ഇത് സാമ്പ്രദായിക രീതിയിൽ ആയിരിക്കില്ല മറിച്ച് ശാസ്ത്ര-സാങ്കേതിക അറിവുകളെ ചരക്കുവൽക്കരിച്ചുകൊണ്ടും, അറിവിനെ മൂലധനമാക്കിയും ആയിരിക്കും. ആധിപത്യ സമ്പദ്‌വ്യവസ്ഥയുടെ ആവശ്യാനുസരണം ഉന്നത വിദ്യാഭ്യാസ മേഖല മാറി കഴിഞ്ഞിരിക്കുന്നു.

## ഉന്നത വിദ്യാഭ്യാസ രംഗം

മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺ അദ്ധ്യാപന-മൂല്യ നിർണ്ണയ രംഗത്തെ പരിഷ്കാരങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഇതുകാരണം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ താഴെപറയുന്ന രണ്ട് രീതിയിൽ രൂപാന്തരപ്പെടാം.

1) മാനവിക സാമൂഹികശാസ്ത്ര വിഷയങ്ങൾക്കുള്ളവ.

   സാധാരണക്കാർക്കു വേണ്ടിയുള്ള ഇവിടങ്ങളിലെ അദ്ധ്യയനം വെർച്ച്യുവൽ രീതിയിൽ അനൗപചാരികവും ചിലവ് കുറഞ്ഞതും ആയിരിക്കും.

2) വൈദ്യശാസ്ത്രം, ഫാർമസി, ശാസ്ത്രം, എഞ്ചിനിയറിഗ്, ആർക്കിടെക്ചർ എന്നിവക്കായുള്ള ക്യാമ്പസുകൾ. ഇത്തരം യൂണിവേഴ്സിറ്റികളിൽ അധിക ചിലവോട് കൂടി വിദ്യാർത്ഥികളെ പഠിപ്പിക്കും. വിമർശനാത്മകവും ക്രിയാത്മകവുമായ ക്ളാസുകളിൽ പഠിക്കുകയും നേരിട്ടുള്ള സംവാദത്തിലൂടെ അറിവ് നേടാൻ അവസരമുള്ള ഈ വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരം പുലർത്തുന്ന ക്ളാസുകൾ ഇന്റർനെറ്റിലൂടെയും ലഭ്യമാകും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ അദ്ധ്യാപകരെയും വിദ്യാർത്ഥികളേയും യഥാർത്ഥത്തിൽ ഓൺലൈൻ പഠനത്തിന് നിർബന്ധിച്ചിരിക്കുകയാണ്. ചിലവ് കുറഞ്ഞതും, കൂടുതൽ ഫലപ്രദവുമെന്ന് കരുതുന്നതു കൊണ്ട് സർവ്വകലാശാലകൾ ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഓൺലൈനിൽ ആക്കുകയും കൂടുതൽ അദ്ധ്യാപകരെ അവർക്ക് പരിചിതമല്ലാത്ത ഓൺലൈൻ പഠനരീതിയിലേക്ക് തള്ളിവിടാനും ഇതു സാഹചര്യം സൃഷ്ടിക്കുന്നു.

മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയുടെ മറവിൽ ഓൺലൈൻ അദ്ധ്യാപനവും മൂല്യനിർണ്ണയവും പുതിയ യാഥാർത്ഥ്യമായി പരിണമിച്ചേക്കാം. ഇന്റർനെറ്റ് സൗകര്യമില്ലാത്ത മുപ്പത് ശതമാനം വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം അസാധ്യമായിരിക്കും. ഉന്നത വിദ്യാഭ്യാസ ലക്ഷ്യങ്ങളായ പ്രാപ്യത, സാമൂഹ്യ നീതി, മികവ് എന്നിവ ഇതോടെ അട്ടിമറിക്കപ്പെടും. ഓൺലൈൻ രീതിയിലേക്കുള്ള വിപുലമായ ചുവടുമാറ്റം ഏതാണ്ട് മൂന്നിലൊന്ന് അദ്ധ്യാപകരെ അധികപറ്റാക്കും. ഇത് മൈത്രി മുതലാളിത്ത സർക്കാരുകൾക്ക് ഒരു വലിയ വിഭാഗം അദ്ധ്യാപകരെ ഒഴിവാക്കാനും അതിലൂടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള പൊതുചിലവ് വെട്ടി ചുരുക്കുന്നതിനു കളമൊരുക്കും. നമ്മുടെ സർവ്വകലാശാല/ കോളേജുകളിൽ പിൻതുടരുന്ന മുഖാമുഖ അദ്ധ്യാപനം സാമാന്യത്വത്തിന്റെ വ്യാപനത്തിലേക്കാണ് നയിച്ചത്. ഓൺലൈൻ രീതിയിലൂടെ നോബേൽ ജേതാക്കൾ അടക്കമുള്ള പ്രമുഖരുടെ ക്ളാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്നത് ശരിതന്നെയാണ്. കോഴ്സ്ഇറ, എസ് എക്സ്, ഫ്യൂച്ചർ ലേൺ, ഉഡാസിറ്റി, ക്യാൻവാസ് നെറ്റ്വർക്ക് എന്നിവയും മറ്റനേകം യുറോപ്യൻ ഭാഷകളിൽ ലഭ്യമായിട്ടുള്ള ഓൺലൈൻ പാഠങ്ങൾ ക്യാമ്പസ് പഠനങ്ങൾക്ക് പ്രസിദ്ധിയാർജിച്ച പല സ്ഥാപനങ്ങളിലും ക്ളാസ്സ് റൂം പഠനത്തിന് പരിപൂരകമായി മാത്രമെ ഉപയോഗിക്കുന്നുള്ളു. ഗുണനിലവാരത്തിൽ പലപ്പോഴും വിട്ടുവീഴ്ച്ച ചെയ്യുന്ന ഓൺലൈൻ പഠനം ക്ളാസ്സ് റൂം പഠനത്തിന് അനുബന്ധമായി മാത്രമേ കാണാൻ കഴിയു. ആഗോളപ്രശസ്തരായ പണ്ഡിതന്മാരുടെ ഓൺലൈൻ ക്ളാസ്സുകളിലൂടെ അറിവിന്റെ അതിരുകൾ വികസിപ്പിക്കുന്ന വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ സാധാരണ അദ്ധ്യാപകരും അക്കാദമികമായ മുന്നൊരുക്കത്തിന് നിർബന്ധിതമാകുമെന്നതാണ് മറ്റൊരു യാഥാർത്ഥ്യം. വിർചൽ ഉന്നത വിദ്യാഭ്യാസം കൃത്യതയാർന്ന യഥാർത്ഥ, ക്യാമ്പസ് അധിഷ്ഠിത പഠനത്തിന് പകരമാവില്ല.

## സാദ്ധ്യമായ മാറ്റങ്ങൾ

കോവിഡ് മൂലം നിലവിൽ വരുന്ന വിർചൽ രീതി ഉന്നത വിദ്യാഭ്യാസ മേഖലയിൽ പല മാറ്റങ്ങൾക്കും ഇട നൽകും സ്ഥാപനങ്ങൾ അവയുടെ സമൂഹം പ്രവർത്തനം തുടങ്ങിയവയെക്കുറിച്ചുള്ള സങ്കൽപങ്ങൾ മാറും. നിപുണി, ഫലപ്രാപ്തി, അദ്ധ്യാപനം, പഠനം, വിലയിരുത്തൽ, ഗുണനിലവാരം, പ്രാപ്യത, നീതി മികവ് എന്നിവയെല്ലാം സംബന്ധിച്ചുള്ള സാമാന്യ സങ്കൽപം വ്യത്യസ്തമായിരിക്കും. മികവ്, ഇ-മികവും സങ്കലന മികവും, അദ്ധ്യാപനം ICT-ബന്ധിതവും, വിലയിരുത്തൽ ഓൺലൈൻ രീതിയിലും ആകുമ്പോൾ ഗുണനിലവാരത്തിന്റെ മാനദണ്ഡവും ഇ-മികവു തന്നെയാകും. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രാപ്തിയും, സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ളതാകുമ്പോൾ സാമൂഹ നീതി വെറും വാചക കസർത്തായി തീരും.

.

മഹാമാരിക്കുശേഷമുള്ള ഉന്നതവിദ്യാഭ്യാസം പ്രത്യേകിച്ച് ഗവേഷണം, ഉയർന്നു വരുന്ന സൂക്ഷമവും ബൃഹത്തുമായ വിജ്ഞാന ശാഖകൾ കേന്ദ്രീകരിച്ചും രണ്ടിന്റെയും മിശ്രിതമായും ആയിരിക്കും നടക്കുക. സ്വതന്ത്രമായി ബൃഹത്തായ ജ്ഞാന മേഖല നോൺ ക്ലാസിക്കൽ മെക്കാനിക്സും ഇംപാക്ട് ഫിസിക്സും സംയോജിപ്പിച്ച് പുതിയ അളവുകൾ പരീക്ഷിക്കും. ജിയോളജിയിലും, കോസ്മോളജിയിലും സൂക്ഷമവും സ്ഥൂലവുമായ ജ്ഞാന മണ്ഡലങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള പഠനം നടത്തിവരുന്ന വിഷയങ്ങളാണ്. മറ്റൊരു ഉദാഹരണം പ്ലാസ്മ ഹൈ എനെർജി ഫിസിക്സും സ്പേസ് ടെക്ടനോളജിയും ചേർന്നുള്ള ഹൈപർസോണിക് വേഗതാ പഠനമാണ്. ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഇത്തരം ശാസ്ത്ര സാങ്കേതിക മിശ്രജ പഠനങ്ങൾ ഉണ്ടാവും. അതിസൂക്ഷമ സ്ഥലബോധവും, ഒരു സെക്കന്റിൽ ആയിരത്തിലൊരംശം വരുന്ന സമയബോധവും ഈ പഠന പദ്ധതിയുടെ ഭാഗമാകും.

ജെനോമിക്സിന്റെ സുക്ഷമഘടനയും, വൈറസിന്റെ ജനിതകഘടനയും സ്വയം ഇരട്ടിക്കുന്ന കണികകളും, നാനോടെക് സെൻസേർസ്, ട്രാൻസ്മിറ്റേഴ്സ്, ബ്രെയിൻ കമ്പ്യൂട്ടർ ഇടനാഴികൾ എന്നീ മേഘലകളിൽ അതിജീവനത്തിനുള്ള മാർഗ്ഗം തേടിയുള്ള ഗവേഷണങ്ങൾ നടക്കും.

വിജ്ഞാന ശാഖകൾ പരസ്പരം കൂടുതൽ അടുക്കും അന്തർ വിജ്ഞാന ഗവേഷണങ്ങൾ വർദ്ധിക്കും. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിഷയാന്തര വിജ്ഞാന സാക്ഷരത അനിവാര്യമാകും. ശാസ്ത്ര വിഷയങ്ങളിലെ ഉപശാഖകൾ വിജ്ഞാന മണ്ഡലങ്ങളിലെ അതിരുകൾ ഭേദിച്ച് ബഹുമുഖമായ പാഠ്യരീതിക്ക് പ്രാമുഖ്യം നൽകും. പ്രത്യേക വിഷയങ്ങളിൽ ഉള്ള വൈദഗ്ദ്ധ്യത്തിനുപരിയായി സമഗ്രമായ അന്വേഷണത്തിന് വഴിമാറും. നിശ്ചിത ആവശ്യങ്ങൾക്കായി ഉന്നതവിദ്യാഭ്യാസം കൂടുതൽ കൂടുതൽ വ്യക്തി കേന്ദ്രീകൃതവും വ്യക്തികളുടെ ഇച്ഛാനുസരണമുള്ളതും ആയിതീരും.

കോർപ്പറേറ്റുകൾക്ക് തങ്ങളുടെ ഗവേഷണ സ്ഥാപനങ്ങളിൽ കുറഞ്ഞ വേതനത്തിൽ പണിയെടുക്കുവാൻ ആവശ്യമായ ശാസ്ത്ര സാങ്കേതിക സങ്കര വിഷയങ്ങളിലെ ബിരുദധാരികളെ ധാരാളമായി ലഭിക്കുന്ന സ്ഥിതിയിലാണ് താൽപര്യം. നവീനങ്ങളായ ആശയങ്ങളുള്ള വിദ്യാർത്ഥികളാൽ സമ്പന്നമാണ് പല വികസ്വര രാജ്യങ്ങളും എന്നത് പരക്കെ അംഗീകരിക്ക പ്പെട്ടിട്ടുള്ളതാണ്. ഇത്തരം വ്യക്തികളെ കണ്ടെത്തുന്നതും പരിശീലനം നൽകുന്നതും ചിലവേറിയ കാര്യമായതിനാൽ, വികസ്വര രാജ്യങ്ങളിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഈ ലക്ഷ്യം മുന്നിൽ കണ്ട് ഏകതാനമായ രീതിയിൽ പുനർരൂപകൽപ്പന ചെയ്യാൻ കോർപ്പറേറ്റുകൾ പ്രോൽസാഹിപ്പിച്ചുകൊണ്ടേയിരിക്കും. ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിൽ ഇങ്ങനെ ഏകതാനമായ പരിഷ്കാരങ്ങൾ പുരോഗമിക്കുകയാണ്.

## ഇന്ത്യൻ സാഹചര്യം

കോവിഡാനന്തര ശേഷിപ്പ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്തായിരിക്കും എന്നത് ഒരു പ്രധാന ചോദ്യമാണ്. ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ മേഖല ഒരു കേന്ദ്രീകൃത അധികാരത്തിന്റെ കീഴിലാകാൻ സാദ്ധ്യതയുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ

കുറയാനും ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കാനും കോർപ്പററ്റ് വിജ്ഞാന വ്യവസായ വിദഗ്ധർ രൂപകല്പനചെയ്യുന്ന പാഠ്യക്രമം ഉണ്ടാകാനും സാധ്യതയുണ്ട്.

കേന്ദ്രീകൃത നിരീക്ഷണത്തിൽ പാഠഭാഗങ്ങൾ ഓൺലൈൻ പോഡ്കാസ്റ്റ് വഴി രാജ്യത്തെമ്പാടും ലഭ്യമാകും. തിരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് മാത്രം 'ചാലഞ്ച് മോഡി'ലൂടെ ഫണ്ട് നൽകുന്ന രീതി സാധാരണമാകും. ഇത്തരം സ്ഥാപനങ്ങൾ ഏറ്റവും ബുദ്ധിയുള്ളവരെ പരിശീലിപ്പിച്ച് കോർപ്പറേറ്റുകളുടെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ ജോലി നേടാൻ പ്രാപ്തരായ ബിരുദധാരികളെ സൃഷ്ടിക്കാൻ പരസ്പരം മത്സരിക്കും. ഇന്ത്യൻ വിദ്യാഭ്യാസം വിദേശ വിദ്യാർത്ഥികളെ ആശ്രയിക്കാത്തതിനാൽ അന്താരാഷ്ട്ര വിതരണ ശ്രംഖലയിൽ വരുന്ന തടസ്സങ്ങൾ അതിനെ ബാധിക്കില്ല. ജനസാന്ദ്രത ആവശ്യം കൂട്ടുമെന്നതിനാൽ ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികളുടെ കുറവ് ഉണ്ടാവില്ല അതു മൂലം വരുമാനത്തിന്റെ കുറവുണ്ടാവുകയില്ലെന്നു കരുതാം. സാങ്കേതികത ഉപയോഗിച്ചുള്ള അദ്ധ്യാപനത്തിൽ ചിലവ് കുറയാനും ഇടയുണ്ട്. പക്ഷേ സ്വകാര്യ സ്ഥാപനങ്ങൾ ഉയർന്ന ഫീസീടാക്കുന്ന രീതി തുടരും.

**<u>വെല്ലുവിളികൾ</u>**

കോവിഡ് 19 സൃഷ്ടിച്ചിട്ടുള്ള പുതിയ സാഹചര്യം ഒരു ഉന്നതവിദ്യാഭ്യാസ പരിപ്രേഷകം അനിവാര്യമാക്കിയിരിക്കുന്നു.

1. ഓൺലൈൻ രീതി പുതിയ യാഥാർത്ഥ്യമായി നിലനിൽക്കും. അത് അനുപൂരകമായി തീർച്ചയായും വളരും. ഒരു ബദലായിട്ടല്ലെങ്കിലും.
2. ഓൺലൈൻ പഠന സാമഗ്രികളുടെ ഉപയോഗം ഐച്ഛികമാകില്ല. വെബിനാറുകളും ടെലികോൺഫ്രൻസിങ്ങും പതിവ് ശീലമാകും. ഇതൊക്കെ ഇപ്പോൾ പ്രതിസന്ധിയെ തരണം ചെയ്യാനുള്ള താത്കാലിക മാർഗ്ഗമായി ഉപയോഗിക്കുന്നുണ്ട്.
3. നല്ല നിലവാരം പുലർത്തുന്ന ഓൺലൈൻ അദ്ധ്യാപനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്ക് നല്ല മുതൽ മുടക്ക് വേണം.
4. ഓൺലൈൻ ഉപകരണങ്ങൾ വികസിപ്പിക്കാനും അവയുടെ ഉപയോഗത്തിനു വേണ്ട പരിശീലനത്തിനും പദ്ധതികൾ വേണം.
5. ചില അദ്ധ്യാപകർ സ്വന്തം നിലയിൽതന്നെ ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയിട്ടുണ്ട്. അദ്ധ്യാപകർക്ക് ഓൺലൈൻ മാദ്ധ്യമം ഉപയോഗത്തെക്കുറിച്ച് പരിശീലനം നല്കി അവരെ പ്രൊഫഷണലുകളായി മാറ്റണം. വിദ്യാർത്ഥികൾക്കും ഇതിന്റെ മികവുറ്റ ഉപയോഗിത്തിനാവശ്യമായ പരിശീലനം നൽകണം.
6. ഒരു സമ്പ്രദായക കോഴ്സിനെ ഓൺലൈൻ ആക്കി മാറ്റാൻ വിദഗ്ദ്ധ പരിശീലനം ആവശ്യമാണ്.
7. തൊഴിൽ മേഖലയിൽ ഈ പുനരാവിഷ്ക്കാരം അത്യന്താപേക്ഷിതമാണെന്ന് അദ്ധ്യാപകർ തിരിച്ചറിയണം.

8. അദ്ധ്യാപക പരിശീലനം - ഓൺലൈൻ രീതികൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാനാവശ്യമായ അദ്ധ്യാപക പരിശീലന പരിപാടികൾ രൂപകല്പന ചെയ്യേണ്ടതുണ്ട്.